27-10-2026

Calling Attention

ശ്രദ്ധക്ഷണിക്കൽ

1. ഓപ്പറേഷൻ ഡ്രഫാൻ

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, യു.ഡി.എഫ്. സർക്കാർ അധികാരമേല്ക്കുമ്പോൾ നാടെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ കേരളം മദ്യലഹരി മാഫിയകളുടെ ഹബ്ബായി മാറിക്കൊണ്ടിരുന്ന അതീവ ഗുരുതര സാഹചര്യമായിരുന്നു. 10 വർഷത്തെ എൽ.ഡി.എഫ്. ഭരണത്തിൽ ബാറുകളുടെ എണ്ണം 29-ൽനിന്നും ആയിരത്തോളമായി ഉയർന്നു. ആ ബാറുകൾ നിരന്തരമായി എല്ലാ പ്രദേശത്തും തുറന്നതിന്റെ തിക്തഫലമാണ് ഇന്നത്തെ ഈ ചർച്ചകൾ. അതിന്റെ കാരണക്കാർ ആരായിരുന്നുവെന്ന് വളരെ കൃത്യമായി കേരളത്തിലെ പൊതുസമൂഹത്തിന് അറിയാം. മുവശത്ത്, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളെപ്പോലെ ഭരണകൂടത്തെപ്പോലും വരുതിയിൽ നിർത്തുന്ന നിലയിലേക്ക് ലഹരി മാഫിയ പടർന്നുപന്തലിച്ച് നിൽക്കുന്ന ഭയാനകമായ അവസ്ഥയാണുണ്ടായിരുന്നത്. അക്കാലത്ത് കേരളത്തിൽ സ്വന്തം മക്കൾ അച്ഛനമ്മമാരെ കഴുത്തറുത്തും തലയ്ക്കടിച്ചും കൊല്ലുന്നത് നിത്യസംഭവങ്ങളായിരുന്നു. ഭരണകൂടം നോക്കുകുത്തിയായി

മാറിയപ്പോൾ ക്രമസമാധാനപാലകർപോലും പകച്ചുനിൽക്കുകയായിരുന്നു. 'ഡമോക്ലസിന്റെ വാൾ പോലെ' തലയ്ക്കുമുകളിൽ തൂങ്ങിനിൽക്കുന്ന ഈ ദുരന്തത്തെ ഓർത്ത് കേരളീയ സമൂഹം ഉറക്കം നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു. 'വൈകുന്നേരം വീട്ടിൽനിന്നിറങ്ങി രാത്രി പത്തുമണിക്ക് മകൻ തിരിച്ചെത്തി കോളിങ് ബെല്ലടിക്കുമ്പോൾ വാതിൽ തുറക്കാൻ എനിക്ക് ഭയമാണ് കാരണം അവൻ എന്നെ അമ്മയായല്ല കാണുന്നത്', എന്നാണ് ഒരു വീട്ടിലെ അമ്മ പറയുന്നത്. അതിനപ്പുറത്തേക്ക് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കേണ്ടതില്ല. അത്രയേറെ ലഹരിമാഫിയയുടെ കൈകളിൽ അമർന്നുപോയ കേരളം..., ഈ സാഹചര്യത്തിലാണ് ലഹരി മാഫിയയ്ക്കെതിരെ ശക്തമായ പോരാട്ടത്തിന് യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചത്.

സർക്കാരിലെ ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ആഭ്യന്തര വകുപ്പിനെ കൂടാതെ എക്സൈസ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളെയും സമന്വയിപ്പിച്ച് ആരംഭിച്ച സമാനതകളില്ലാത്ത നാർക്കോ വേട്ടയാണ് 'ഓപ്പറേഷൻ ഡാൻ-നാർക്കോ

Calling Attention

ഹണ്ട്. 2026 ജൂൺ 2-ന് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഉദ്ഘാടനം നിർവഹിച്ച ഈ പദ്ധതി നൂറ് ദിവസം പിന്നിട്ടപ്പോൾ ഞെട്ടിക്കുന്ന വാർത്തകളാണ് പുറത്തു കൊണ്ടുവന്നിരിക്കുന്നത്.

ലഹരി മാഫിയയ്ക്കെതിരെയുള്ള പോരാട്ടത്തിൽ കേരളത്തിന്റെ ഇന്നേവരെയുള്ള ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടമാണ് ഓപ്പറേഷൻ ളഫാൻ ഇതിനകം കൈവരിച്ചിരിക്കുന്നത്. നൂറുദിവസത്തിനുള്ളിൽ പതിനായിരത്തിൽപ്പരം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇപ്പോൾ അത് പതിനയ്യായിരത്തോളമായി മാറിയിട്ടുണ്ട്. ലഹരിക്കടത്തുമായി ബന്ധപ്പെട്ട് ഇതിനകം പൊലീസ് വലയിലാക്കിയത് പതിനൊന്നായിരത്തിൽപ്പരം പേരെയാണ്. എം.ഡി.എം.എ. ഉൾപ്പെടെ ഏകദേശം 25 മുതൽ 30 കോടി വരെ വിലമതിക്കുന്ന വൻ മയക്കുമരുന്ന് ശേഖരമാണ് ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുമായി പിടികൂടിയത്. ഒരു രാജ്യത്തെ ഇല്ലാതാക്കാൻ യുദ്ധത്തേക്കാൾ ഫലപ്രദമായത് അവിടുത്തെ യുവാക്കളെ മയക്കുമരുന്നിന് അടിമയാക്കുക എന്നതാണ്. പ്രത്യേകിച്ച് രാസലഹരി യുവാക്കളിൽ ലക്ഷ്യബോധമില്ലാതാക്കി വ്യക്തിയെ

നശിപ്പിക്കുന്നതിനോടൊപ്പം അവരുടെ കുടുംബത്തിനും സമൂഹത്തിനും മാരകമായ മാനസികക്ഷതങ്ങൾ ഏല്പിക്കുകയും ചെയ്യുന്നു. ലഹരിയുപയോഗിച്ച് തുടങ്ങുന്നവരെല്ലാം അതിന്റെ അടിമകളായി മാറുന്നുവെന്നതാണ് ഏറെ വിനാശകരമായ കാര്യം. എല്ലാ തിന്മകളുടെയും പെറ്റമ്മയും പോറ്റമ്മയും ലഹരിയാണെന്ന് ഒരു പ്രവാചകൻ മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ലഹരിയുടെ കവാടങ്ങളെല്ലാം പൂർണമായി അടയ്ക്കുന്നതിനും നാർകോ മാഫിയയുടെ വിതരണശൃംഖലയുടെയും സാമ്പത്തിക സ്രോതസ്സിന്റെയും നട്ടെല്ല് ഒടിക്കാനുമാണ് ഓപ്പറേഷൻ ഡ്രഫാൻ പദ്ധതിയിലൂടെ ആഭ്യന്തര വകുപ്പ് ലക്ഷ്യമിടുന്നത്. 'ലഹരിക്കെതിരെ കൊടുങ്കാറ്റ്', 'ലഹരിവേട്ട മുന്നോട്ട്', 'ഡ്രഫാൻ ആഞ്ഞടിച്ച നൂറുദിവസങ്ങൾ' എന്നിങ്ങനെയുള്ള തലക്കെട്ടുകളിലൂടെയാണ് കേരളത്തിന്റെ മുഖ്യധാരാപത്രങ്ങളെല്ലാം പദ്ധതിയെ വിലയിരുത്തിയത്. പൊതുജനമധ്യത്തിൽ പദ്ധതിക്ക് ലഭിച്ച പൊതുസ്വീകാര്യത ഇതിൽനിന്നും വ്യക്തമാണ്. കൂടാതെ അതിർത്തി കടക്കുന്ന ലഹരി ഇടപാട് സംബന്ധിച്ചും മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളികളടക്കമുള്ള വിദ്യാർഥികൾക്ക്

Calling Attention

വിദേശയാത്രവരെ സൗജന്യമായി നൽകി അവരെ ക്യാരിയർമാരാക്കുന്ന ലഹരിമാഫിയെക്കുറിച്ചും റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ, സജീവമല്ലാത്ത മരുന്ന് കമ്പനികളുടെ ലൈസൻസ് ദുരുപയോഗം ചെയ്ത് ഇതിനെ മയക്കുമരുന്ന് വ്യാപനത്തിന് മറയാക്കി ഉപയോഗിക്കുന്നതുമായ വാർത്തകളും ഒട്ടും കുറവല്ല. ശ്രീലങ്ക, തായ്ലൻഡ്, ഫിലിപ്പൈൻസ്, മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിലെ ചൂതാട്ടകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട രാജ്യാന്തര റാക്കറ്റുകൾ നമ്മുടെ നഗരങ്ങളിലേക്ക് ലഹരി കടത്തുമ്പോൾ അതിനെ പ്രതിരോധിക്കാൻ സർക്കാർ സംവിധാനങ്ങൾ ഇനിയും ശക്തിപ്പെടേണ്ടതുണ്ട്. അതേസമയം, നിലവിലെ നിയമത്തിലുള്ള ചെറിയ പഴുതുകൾ വലിയതോതിൽ കുറ്റവാളികൾക്ക് രക്ഷപ്പെടാൻ വഴിതുറക്കുന്ന സാഹചര്യം ഇന്ന് സർവസാധാരണമാണ്. പ്രതിയെ കോടതിയിൽ ഹാജരാക്കുന്ന പൊലീസുകാരനും ജാമ്യം കിട്ടിയ പ്രതിയും, പോയ അതേ വാഹനത്തിൽതന്നെ ഒരുമിച്ച് തിരിച്ചുപോരുന്ന സാഹചര്യം ഇന്നുണ്ട്. വാസ്തവത്തിൽ, ഇത് നമ്മുടെ നിയമസംഹിതയെ നോക്കി കൊഞ്ഞനം

കുത്തുകയാണ്. ഇത്തരം കാലഹരണപ്പെട്ട നിയമങ്ങൾ കാലത്തിനും പുതിയ സാഹചര്യത്തിനുമനുസരിച്ച് ഭേദഗതി വരുത്താതെ നമ്മൾ എത്ര ശ്രമിച്ചാലും ലഹരി മാഫിയയെ പിടിച്ചുകെട്ടാൻ സാധിക്കില്ല. ലഹരിയുടെ വേരറുക്കാൻ കേരള പോലീസിനുകീഴിൽ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ ഡിവിഷൻ രൂപീകരിക്കുമെന്ന വാർത്തകൾ പ്രതീക്ഷ നൽകുന്നതാണ്. കേസെടുക്കാൻ പ്രത്യേക അധികാരമുള്ള നാർക്കോട്ടിക് സ്റ്റേഷനുകളും നിലവിൽ വരേണ്ടതുണ്ട്. ഓരോ ലഹരി കേസിലും വിശദമായ അന്വേഷണം നടത്തി ഉറവിടം കണ്ടെത്തിയാൽ മാത്രമേ ഈ ലഹരി മാഫിയയുടെ വലക്കണ്ണികൾ മുറിക്കാൻ കഴിയൂ. ഇതിനായി ലഹരി കേസുകൾ മാത്രം കൈകാര്യം ചെയ്യുന്ന പ്രത്യേക ഡിവിഷൻ വേണമെന്ന ആവശ്യവും ശക്തമാണ്. അതേസമയം ഓപ്പറേഷൻ ഡ്രാഫിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആക്രമിക്കപ്പെടുന്നത് ഗൗരവമുള്ള കാര്യമാണ്. ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് വിൽക്കുന്ന ലഹരിവസ്തുക്കളിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽനിന്നാണ് എത്തുന്നതെന്ന വിലയിരുത്തലുകളുടെ

അടിസ്ഥാനത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെയും പോലീസ് മേധാവികളുടെയും സഹകരണം സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്. ളഫാൻ ശക്തമായതോടെ ഇതിനെ മറികടക്കാൻ ലഹരിക്കടത്ത് സംഘങ്ങൾ അവരുടെ പ്രവർത്തനരീതി മാറ്റുന്നതായുള്ള റിപ്പോർട്ടുകൾ ഗൗരവമുള്ളതാണ്, ഇതിനും സർക്കാർ തടയിടേണ്ടതുണ്ട്. അറസ്റ്റുകളും റെയ്ഡുകളും മാത്രമല്ല, ലഹരി ഉപയോഗം തടയുക, ബോധവൽക്കരണം ശക്തമാക്കുക, ലഹരിമുക്തരാകുന്നവർക്ക് പിന്തുണ നൽകുക, 'ളഫാൻ കെയർ' പദ്ധതിയിലൂടെ ചികിത്സ സഹായം ഉറപ്പാക്കുക, മികച്ച ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുക, പൊതുജന പങ്കാളിത്തം ഉറപ്പാക്കുക എന്നീ കാര്യങ്ങൾ രണ്ടാംഘട്ട പദ്ധതിയിൽ ലക്ഷ്യമിടേണ്ടതുണ്ട്. കൊള്ളപ്പലിശക്കാരെ തടയുന്നതിനുള്ള 'ഓപ്പറേഷൻ കുബേര' വിജയിപ്പിച്ച ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ഓപ്പറേഷൻ ളഫാനും ലക്ഷ്യത്തിലെത്തിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഈ മഹാദൗത്യത്തിന് ഇടർച്ച ഉണ്ടാകരുത്. കേരളത്തെ പൂർണ്ണമായും ലഹരിമുക്തമാക്കാതെ ഗവൺമെന്റും ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി

ശ്രീ. രമേശ് ചെന്നിത്തലയും ഈ മഹാദൗത്യത്തിൽനിന്ന് പിന്മാറില്ലെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു പക്ഷെ ഇന്ത്യ കണ്ട ഏറ്റവും വലിയ നാർക്കോട്ടിക് വേട്ടയാണ് ഓപ്പറേഷൻ ക്ലീനിന്റെ ഭാഗമായി ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളും രാജ്യങ്ങളും കേരളത്തെ അഭിനന്ദിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരിക്കടത്തും വിതരണ ശൃംഖലയും തകർക്കുകയെന്ന ലക്ഷ്യത്തോടെ ആഭ്യന്തരവകുപ്പ് ആരംഭിച്ച് നടപ്പാക്കിവരുന്ന കർമ്മപദ്ധതിയാണ് 'ഓപ്പറേഷൻ ക്ലീൻ. ലഹരി ഇടപാടുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളാണ് കേരള പോലീസ് സ്വീകരിച്ചുവരുന്നത്. ഓപ്പറേഷൻ ക്ലീൻ കർമ്മപദ്ധതി ആരംഭിച്ച 02-06-2026 മുതൽ 23-10-2026 വരെ 188 കൊമേഴ്സ്യൽ ക്വാണ്ടിറ്റി കേസുകളും 611 ഇന്റർമീഡിയറ്റ് ക്വാണ്ടിറ്റി കേസുകളും 4424

സ്മോൾ ക്വാണ്ടിറ്റി കേസുകളും ഉൾപ്പെടെ സംസ്ഥാനത്ത് 13672 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ ഉൾപ്പെട്ട 14802 പ്രതികളിൽ 14780 പേരെ പോലീസ് അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, മേൽ കേസുകളുമായി ബന്ധപ്പെട്ട് 28.365 കിലോഗ്രാം എം.ഡി.എം.എ, 1827.5 കിലോഗ്രാം കഞ്ചാവ്, 7.25 കിലോഗ്രാം ഹാഷിഷ് ഓയിൽ, 1.23 കിലോഗ്രാം മെത്താഫെറ്റാമിൻ ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ പിടിച്ചെടുത്തിട്ടുള്ളതാണ്. 200 കോടിയിലധികം രൂപ മതിപ്പുവില വരുന്ന മയക്കുമരുന്നുകളാണ് പോലീസ് പിടിച്ചെടുത്തിട്ടുള്ളത്. ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത 60 കേസുകളിൽ ലഹരിയുടെ ഉറവിടം കണ്ടെത്തി പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ട്. ഓപ്പറേഷൻ ഡ്രൂഹാന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 'ഡ്രൂഹാൻ തദ്ദേശം 2.0' പ്രവർത്തനമാരംഭിച്ചു. ഇതിന്റെ ഉദ്ഘാടനം 28-09-2026-ൽ വേങ്ങര നിയോജകമണ്ഡലത്തിൽ നടക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വാർഡുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, കുടുംബങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച്

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര കർമ്മപദ്ധതിയാണ് ഓപ്പറേഷൻ ളഹാന്റെ രണ്ടാം ഘട്ടത്തിൽ ലക്ഷ്യം വയ്ക്കുന്നത്. എൻഫോഴ്സ്മെന്റിനോടൊപ്പം ബോധവൽക്കരണം, നേരത്തെയുള്ള കണ്ടെത്തൽ, കൗൺസിലിങ്, ചികിത്സ, പുനരധിവാസം, സാമൂഹിക പുനഃസംയോജനം, രഹസ്യവിവര ശേഖരണം, ജനപങ്കാളിത്തം എന്നിവയ്ക്ക് രണ്ടാം ഘട്ടപദ്ധതി പ്രാധാന്യം നൽകിവരുന്നു. ഓപ്പറേഷൻ ളഹാന്റെ ഭാഗമായി തമിഴ്നാട്, കർണ്ണാടക, പുതുച്ചേരി, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരെയും കേന്ദ്ര ഏജൻസികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി 10-07-2026-ൽ പോലീസ് ആസ്ഥാനത്ത് ചേർന്ന ഇന്റർ കോർഡിനേഷൻ യോഗം സംഘടിപ്പിച്ചതുവഴി ഈ സംസ്ഥാനങ്ങളിലെ സഹകരണം ഉറപ്പുവരുത്താൻ സഹായകരമായിട്ടുണ്ട്. കൂടാതെ 08-07-2026-ന് ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രിയുമായും 15-07-2026-ന് തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. സി. ജോസഫ് വിജയുമായും നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ഇരു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ ഓപ്പറേഷൻ ളഹാന്റെ

പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ അറിയിക്കുകയും അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് പരിശോധനകളും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി ലഹരി മാഫിയക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

അതോടൊപ്പം സംസ്ഥാനത്തിന്റെ അതിർത്തികളിൽ ലഹരിക്കടത്ത് തടയാൻ അയൽസംസ്ഥാന പോലീസുമായി ഇന്റലിജൻസ് കൈമാറ്റങ്ങളും അതിർത്തി പരിശോധനകളും നിരീക്ഷണങ്ങളും വർധിപ്പിച്ചിട്ടുള്ളതാണ്. യുവാക്കളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംയുക്തമായി നടത്തുകയും നെറ്റ്വർക്ക് കേന്ദ്രീകരിച്ച് അന്വേഷണം നടത്തി ഡ്രഗ് സിൻഡിക്കേറ്റുകളെ നിയമനടപടികൾക്കുള്ളിൽ കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അന്തർദേശീയ ബന്ധമുള്ള മയക്കുമരുന്ന് കേസുകളുടെ അന്വേഷണത്തിന് ആന്റി നാർക്കോട്ടിക് ടാസ്ക് ഫോഴ്സ് (ANTF) രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ ആന്റി നാർക്കോട്ടിക് ടാസ്ക് ഫോഴ്സുകളുമായും കേന്ദ്ര ഏജൻസികളിലെ നോഡൽ ഓഫീസർമാരുമായും സഹകരിച്ച് കൂടുതൽ

അന്വേഷണം നടത്തിവരുന്നുണ്ട്. കൂടാതെ അത്യാധുനിക പ്രതിരോധ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് ലഹരിക്കടത്തും ഉൽപാദനവും വിൽപനയും തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഓപ്പറേഷൻ ക്ലീൻ ഫ്ലോയുടെ ഭാഗമായി പിടിയിലാകുന്ന പ്രതികളിൽനിന്നും ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രാദേശിക വിതരണക്കാരിൽ മാത്രം അന്വേഷണം പരിമിതപ്പെടുത്താതെ, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ലഹരി ശൃംഖലകളിലേക്ക് വ്യാപിപ്പിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്. ലഹരിക്കടത്തിന്റെ പ്രധാന ഉറവിടം, വിതരണ ശൃംഖല, സാമ്പത്തിക ഇടപാടുകൾ, അന്തർസംസ്ഥാന ബന്ധങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ (NCB), എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ED), ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് (DRI), കസ്റ്റംസ്, കോസ്റ്റ് ഗാർഡ്, ഇന്റലിജൻസ് ബ്യൂറോ (IB) തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി അന്വേഷണ വിവരങ്ങൾ പങ്കുവയ്ക്കുകയും അവരുമായി ഏകോപനം നടത്തുകയും ചെയ്തുവരുന്നുണ്ട്. ലഹരി ഇടപാടുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ

അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനും ലഹരിമരുന്നുകളുടെ രാസപരിശോധനാ ഫലങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയമായ തെളിവുകൾ സമയബന്ധിതമായി ലഭ്യമാക്കി കുറ്റപത്രത്തോടൊപ്പം കോടതിയിൽ ഹാജരാക്കുന്നതിനും വാണിജ്യ അളവിലുള്ള കേസുകളിലെ പ്രതികൾ ജൂഡീഷ്യൽ കസ്റ്റഡിയിൽ ആയിരിക്കുമ്പോൾത്തന്നെ വിചാരണ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ആവർത്തിച്ച് ലഹരി വിൽപന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ്, പി.ഐ.ടി.-എൻ.ഡി.പി.എസ് (PIT-NDPS) എന്നീ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം 02-06-2026 മുതൽ 19-10-2026 വരെയുള്ള കാലയളവിൽ ലഹരി കേസുകളിലും ഗുണ്ടാ അക്രമപ്രവർത്തനങ്ങളിലും ഉൾപ്പെട്ട 89 പേർക്കെതിരെ KAAPA നിയമപ്രകാരവും 26 പേർക്കെതിരെ പി.ഐ.ടി.-എൻ.ഡി.പി.എസ് നിയമപ്രകാരവും നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ, ലഹരി വിപണനം വഴി സമ്പാദിച്ച ആസ്തികൾ മരവിപ്പിക്കുന്നതിനും കണ്ടുകെട്ടുന്നതിനും NDPS നിയമത്തിലെ സെക്ഷൻ 68F പ്രകാരമുള്ള

നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്ഥിരം കുറ്റവാളികൾക്കെതിരെ കരുതൽ തടങ്കൽ ഏർപ്പെടുത്തിയും ലഹരി സംഘങ്ങളുടെ സാമ്പത്തിക അടിത്തറ തകർക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. ലഹരി മാഫിയയുടെ വേരറുക്കുന്നതുവരെ കേരള പോലീസും ആഭ്യന്തര വകുപ്പും മറ്റ് ഏജൻസികളുമായി സഹകരിച്ച് ഓപ്പറേഷൻ ഡ്രഫാൻ മുന്നോട്ടുകൊണ്ടുപോകും. ലഹരിമുക്ത കേരളമാണ് നമ്മുടെ ലക്ഷ്യം. അത് നേടിയെടുക്കാൻ വേണ്ടിയുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. പാറക്കൽ അബ്ദുല്ല ബോധവൽക്കരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതൊരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും മറ്റ് വിവിധ സ്ഥാപനങ്ങളിലും ഇതുപോലെ ബോധവൽക്കരണ പ്രക്രിയ നടന്ന ഒരു കാലഘട്ടമുണ്ടായിട്ടില്ല. എല്ലാ ക്ഷേത്രങ്ങളിലും പള്ളികളിലും മദ്രസകളിലും വ്യാപകമായ തോതിലുള്ള ബോധവൽക്കരണ പ്രക്രിയ നടക്കുകയാണ്. ഇതുമായി എല്ലാവരും

സഹകരിക്കുന്നുണ്ട്. രാഷ്ട്രീയ ഭേദമന്യേ എല്ലാവരും ചേർന്നാണ് ഓപ്പറേഷൻ ളുഫാൻ ഒരു ചരിത്ര സംഭവമാക്കി മാറ്റിക്കൊണ്ടിരിക്കുന്നത്. ഇത് മുന്നോട്ടുകൊണ്ടുപോകും. കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ, പ്രത്യേകിച്ച് യുവതലമുറയെ ഈ വിപത്തിൽനിന്നും രക്ഷിക്കാൻവേണ്ടിയുള്ള സത്വരമായ നടപടിയുമായി മുന്നോട്ടുപോകും. അതോടൊപ്പം രണ്ടാംഘട്ടത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ സ്ഥലങ്ങളിലും കൂടുതൽ ബോധവൽക്കരണ പരിപാടികളും വ്യാപകമായ പ്രചരണങ്ങളും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി 22000-ത്തോളം ളുഫാൻ ഗ്രാമസഭകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധങ്ങളായ പദ്ധതികളിലൂടെ ലഹരിമുക്ത കേരളം സാക്ഷാൽക്കരിക്കാൻ വേണ്ടിയുള്ള പരിപാടികളുമായി മുന്നോട്ടുപോകുമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പാറക്കൽ അബ്ദുല്ലയെയും അതുവഴി കേരളത്തിലെ ജനങ്ങളെയും അറിയിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു.

<u>മി. സ്പീക്കർ</u>: കേരള ജനസമൂഹം വളരെക്കാലമായി കാത്തിരുന്ന

വലിയൊരു മൂവ്മെന്റിനാണ് അങ്ങ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. എല്ലാ അർഥത്തിലും കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. ലഹരിയിൽ മുങ്ങിത്താഴാതെ നമ്മുടെ സമൂഹത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് അങ്ങ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ നടപടികളുമായി ശക്തമായി മുന്നോട്ടുപോകുന്നതിന് ഈ സമൂഹം അങ്ങേയ്ക്ക് പൂർണ്ണ പിന്തുണ നൽകുകയാണ്. അതിനാൽ ഒരിക്കൽക്കൂടി നിയമസഭ അങ്ങയെ അനുമോദിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഓപ്പറേഷൻ ഡ്രഫാന്റെ ഭാഗമായി ഇതുവരെ ഏകദേശം പതിനേഴായിരത്തോളം ആളുകളെ അറസ്റ്റ് ചെയ്തുവെങ്കിലും കേസ് വിചാരണയ്ക്കുള്ള NDPS കോടതികൾ ഇനിയും ആരംഭിക്കാത്ത സാഹചര്യമുണ്ട്. ഡ്രഫാന്റെ ഭാഗമായുള്ള കേസുകളെല്ലാം മറ്റ് കോടതികളാണ് ഇപ്പോൾ കൈകാര്യം ചെയ്യുന്നത്. 2025 സെപ്റ്റംബർ 25-ന് കേരള ഹൈക്കോടതി ഇക്കാര്യത്തിൽ സ്വമേധയാ കേസെടുക്കുകയും പ്രത്യേക കോടതികൾ തുടങ്ങാൻ ഉത്തരവ് നൽകുകയും ചെയ്തിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും നടപ്പിലായില്ല. കോടതികൾ ആരംഭിക്കാൻ വൈകുന്നതിൽ ഏതാനും ആഴ്ചകൾക്കുമുമ്പും ഹൈക്കോടതി ആശങ്ക അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പാറക്കൽ അബ്ദുല്ല സൂചിപ്പിച്ച കാര്യം ശരിയാണ്. തൃശ്ശൂർ, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലായി മൂന്ന് പുതിയ NDPS കോടതികൾ സ്ഥാപിക്കുന്നതിന് ക്യാബിനറ്റ് യോഗം അനുമതി നൽകിയിരുന്നു. ബാക്കിയുള്ള സ്ഥലങ്ങളിലും NDPS കോടതികൾ ആവശ്യമാണെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗിക്കുന്നു. NDPS കോടതികൾ കൂടുതൽ സ്ഥാപിച്ച് കേസുകൾ വേഗതയിൽ തീർപ്പുകല്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

2. എം.സി. റോഡിന്റെ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തയാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാന

27-10-2026

Calling Attention

ഗതാഗത പാതകളിലൊന്നായ എം.സി. റോഡിന്റെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആദ്യഘട്ടമായി 1500 കോടി രൂപ അനുവദിച്ചിട്ടും വികസനപ്രവർത്തനങ്ങൾ ദീർഘനാളായി വൈകുന്നത് ജനങ്ങളിൽ വലിയ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഈ പാതയിൽ വികസനപ്രവർത്തനങ്ങൾ വൈകുന്നതുമൂലമുണ്ടാകുന്ന രൂക്ഷമായ ഗതാഗതക്കുരുക്കും യാത്രാസമയത്തിലെ വർധനയും അപകടസാധ്യതയും അധിക ഇന്ധനച്ചെലവും ജനങ്ങളെ ദുരിതത്തിലാക്കുന്നു. ആംബുലൻസുകൾ ഉൾപ്പെടെയുള്ള അടിയന്തര സേവനങ്ങൾക്കും തടസ്സം നേരിടുകയാണ്. ഈ സാഹചര്യത്തിൽ, എം.സി. റോഡ് വികസനത്തിനായി അനുവദിച്ച 1500 കോടി രൂപയുടെ വിനിയോഗത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; നാല് റീച്ചുകളിലായി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ പ്രവൃത്തികളുടെ അലൈൻമെന്റിന് അന്തിമ അംഗീകാരം നൽകിയിട്ടുണ്ടോ; വികസനപ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുമോ? റീച്ച് 1-ന്റെയും റീച്ച് 2-ന്റെയും

Calling Attention

ഫീസിബിലിറ്റി പരിശോധനയ്ക്കായി തയ്യാറാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റിൽ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം നിർദേശിച്ച ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി അന്തിമ അംഗീകാരത്തിനായി 03-08-2026-ന് KRFB-PMU-ന് നൽകിയിരുന്നു. ഈ അലൈൻമെന്റിന് അംഗീകാരം ലഭിച്ചാൽമാത്രമേ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിന് വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. നിർവഹണ ഏജൻസിയായ KRFB-PMU-ന് ഡി.പി.ആർ. ലഭ്യമാക്കി തുടർനടപടി സ്വീകരിക്കേണ്ടതുമുണ്ട്. എന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെയും നിർവഹണ ഏജൻസിയുടെയും നടപടികളിലെ കാലതാമസം സംസ്ഥാനത്തെ പ്രധാന വികസന പദ്ധതികളുടെ സമയബന്ധിതമായി നടത്തിപ്പിന് തടസ്സമാകുകയാണ്. എം.സി. റോഡിന്റെ വികസനത്തിന്റെ നിർണ്ണായക ഘട്ടങ്ങളിൽത്തന്നെ നടപടികൾ വൈകുന്നത് പദ്ധതി പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ,

Calling Attention

ബഹുമാനപ്പെട്ട അംഗം, മുൻമന്ത്രിയായിരുന്ന എന്റെ സുഹൃത്ത് ശ്രീ. ജി. ആർ. അനിൽ എം.സി. റോഡിന്റെ വികസനത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. 05-11-2022-ൽ, എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്ത് കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി. റോഡും കൊല്ലം-ചെങ്കോട്ട റോഡും നാലുവരിയാക്കുന്നതിനായി 1500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല. നിലവിലെ സർക്കാർ അധികാരത്തിൽ വന്നിട്ട് അഞ്ച് മാസം ആകുന്നതേയുള്ളൂ. അത് ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്ന കാര്യമാണ്. 2022-ൽ നടപടി ആരംഭിച്ചതാണ്. ആദ്യഘട്ടമായി മണ്ണന്തല മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്, പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ കിഫ്ബി സി.ഇ.ഒ.-യുടെ സാന്നിധ്യത്തിൽ 14-06-2023-ൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ എം.സി. റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നാല് ഘട്ടങ്ങളായി തരംതിരിച്ച് ആരംഭിക്കാൻ തീരുമാനിച്ചു. സ്കെച്ച് 1-

മണ്ണന്തല മുതൽ തൈക്കോട് വരെ, സ്കെച്ച് 2- തൈക്കോട് മുതൽ തിരുവനന്തപുരം ജില്ലാ അതിർത്തിയായ വാഴോട് വരെ, സ്കെച്ച് 3 - വാഴോട് മുതൽ ഏനാത്ത് വരെ, സ്കെച്ച് 4- ഏനാത്ത് മുതൽ ചെങ്ങന്നൂർ മുളക്കുഴ വരെ എന്നിങ്ങനെയാണ് തരംതിരിച്ചത്. അതുപ്രകാരം സർവെയും ഇൻവെസ്റ്റഗേഷനും നടത്തി കരട് അലൈൻമെന്റ് തയ്യാറാക്കി. നിലവിൽ കരട് അലൈൻമെന്റിന്റെ സാധ്യതാ പഠനം നടന്നുവരുന്നതേയുള്ളൂ. കരട് അലൈൻമെന്റ് വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ അന്തിമ അംഗീകാരം നൽകുകയുള്ളൂ. നിലവിൽ ഇതിന് തത്വത്തിലുള്ള ഭരണാനുമതി മാത്രമേയുള്ളൂ. അതിനാൽ പ്രസ്തുത പദ്ധതിക്കുള്ള തുക പ്രത്യേകമായി കണ്ടെത്തേണ്ടതായി വരും. പദ്ധതി നടപ്പിലാക്കണമെങ്കിൽ ഏകദേശം 100 ഹെക്ടറിലധികം സ്വകാര്യഭൂമി ഏറ്റെടുക്കേണ്ടിവരും. അതിനായി 5000 കോടി രൂപ വേണ്ടിവരും. ഇതാണ് നിലവിലെ സ്ഥിതി. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടി അനുസരിച്ച് ആദ്യ റീച്ചായ മണ്ണന്തല

മുതൽ തൈക്കോട് വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുമാത്രം 27,93,591 രൂപ ചെലവായതായി സൂചിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ആദ്യ റീച്ചിന്റെ ഡി.പി.ആർ. അംഗീകരിച്ച് ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. ബഷീർ: സർ, എം.സി. റോഡ് നന്നാക്കണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്. എം.സി. റോഡ് കടന്നുപോകുന്ന നിയോജകമണ്ഡലങ്ങളിലെ 18 എം.എൽ.എ.-മാരും ബഹുമാനപ്പെട്ട സ്പീക്കറും ഉൾപ്പെടെ ബന്ധപ്പെട്ടവരുടെ ഒരു യോഗം വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് വിളിച്ചുചേർത്തിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനം, എങ്ങനെയാണ് ഇത് നടപ്പിലാക്കാൻ പറ്റുന്നത് എന്നീ കാര്യങ്ങൾ പരിശോധിച്ച് പരിഗണിക്കാം.